**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2548** **12-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതിരംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന വൈദ്യുതിരംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വിതരണ മേഖലയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികൾ താഴെ ചേർക്കുന്നു. ഗ്രാമീണ/ ഉപ-ഗ്രാമീണ ഭവന വൈദ്യുതീകരണം, വിതരണ -ഉപ പ്രസരണ ശൃംഖലയുടെ ശാക്തീകരണ പദ്ധതികളായ - i . രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനപദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി, മാർച്ച് 2015ൽ പൂർത്തീകരിച്ചു II ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)- പദ്ധതി 14 ജില്ലാതലത്തിൽ നടപ്പിലാക്കി, സെപ്റ്റംബർ 2019-ൽ പൂർത്തീകരിച്ചു. 2 . നഗര /ഉപ-നഗരങ്ങളുടെ വിതരണ- ഉപ പ്രസരണ ശൃംഖല ശാക്തീകരണ പദ്ധതികളായ - i . റിസ്ട്രക്ച്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (RAPDRP),- പദ്ധതി 14 ജില്ലാതലത്തിൽ നടപ്പിലാക്കി, - പാർട്ട് A (IT) - പദ്ധതി മാർച്ച് 2018ൽ പൂർത്തീകരിച്ചു - പാർട്ട് A (SCADA) - സെപ്റ്റംബർ 2019ൽ പൂർത്തീകരിച്ചു. - പാർട്ട് B - പദ്ധതി മാർച്ച് 2018ൽ പൂർത്തീകരിച്ചു. ii. സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്)- എ) ഫേസ് -1 നഗര /ഉപ-നഗരങ്ങളുടെ വിതരണ- ഉപപ്രസരണ ശൃംഖല ശാക്തീകരണം - പദ്ധതി 14 ജില്ലാതലത്തിൽ നടപ്പിലാക്കി, ഡിസംബർ 2019 ൽ പൂർത്തീകരിച്ചു. ബി) IT പ്രോജെക്ടസ് a) ഫേസ് -2 IT , b) ERP - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്, c) RTDAS- റിയൽടൈം ഡാറ്റാ അക്വസിഷൻ സിസ്റ്റം - പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു വരുന്നു. 3 . സൗഭാഗ്യ - ഈ പദ്ധതി കേരളത്തിന് 2018-ലെ പ്രളയത്തിൽ വിച്ഛേദിക്കപ്പെട്ട 300000 വീടുകളുടെ പുന |

വൈദ്യുതീകരണത്തിനു വേണ്ടി special case ആയിട്ടാണ് അനുമതി ലഭിച്ചത്. ഈ പദ്ധതി മുഖാന്തിരം 319171 എണ്ണം വീടുകൾ പുന വൈദ്യുതീകരിച്ചു, 12 ജില്ലകളിൽ നടപ്പാക്കി (തിരുവനന്തപുരം, കാസർകോഡ് ഒഴികെ), 95.75കോടി രൂപയുടെ പൂർത്തീകരണ റിപ്പോർട്ട് 27.02.2020 ൽ GoI-യ്ക്ക് സമർപ്പിക്കുകയും, റിപ്പോർട്ട് അംഗീകരിച്ചതായി 28.09.2020 ൽ REC അറിയിച്ചു. യോഗ്യതാ ഗ്രാന്റ് തുക മുഴുവൻ (66.34 കോടി) 13.08.2021-ടെ ലഭിച്ചു. 4 . റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS)- ഊർജ്ജ മേഖലയിലെ നവീകരണത്തിനായി 27/7/2021-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയാകുന്നു. സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ പ്രദേശ ഭേദമന്യേ ഒരുപോലെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2025 വർഷത്തോടു കൂടി എല്ലാ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അത് വഴി വിതരണ നഷ്ടം കുറക്കുന്നതിനും, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നും കൃത്യമായി ബിൽ തുക ഈടാക്കുക, സംസ്ഥാന സർക്കാർ വൈദ്യുത മേഖലയ്ക്കുള്ള സബ്സിഡി കൃത്യമായി / മുൻകൂറായോ നൽകുക, കൃത്യമായ ഊർജ്ജ ഓഡിറ്റ് നടപ്പാക്കുക തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ വിതരണ നഷ്ടം കുറക്കുന്നതിനുള്ള/ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളായ ഉപഭോക്തൃ മീറ്ററുകളും സിസ്റ്റം മീറ്ററുകളും (ഫീഡർ, ട്രാൻസ്ഫോർമർ, ബോർഡർ മീറ്ററുകൾ) സ്മാർട്ട് മീറ്റർ ആക്കൽ പുതിയ ലൈനുകൾ, കേബിളുകൾ, HVDS തുടങ്ങിയവയും, കൂടതെ ഉപ-വൈദ്യുത പ്രസരണം ശക്തിപ്പെടുത്തുന്ന തിനുള്ള പുതിയ സബ്സ്റ്റേഷനുകൾ, ലൈനുകൾ, നവീകരണ പ്രവൃത്തികൾ, ABC / ഭൂഗർഭ കേബിളുകൾ, HVDS, SCADA ഉൾപ്പെടുത്തിയ RMU, തുടങ്ങിയവ ഉൾപ്പെടുത്തി ഉപഭോക്താക്കൾക്ക് 24x7 മണിക്കൂർ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ അനുമതി ലഭിക്കുന്നതിനായി, വൈദ്യുതി

| | | | |
|---|---|---|---|
| | | | ഉപപ്രസരണ-വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതിയും വിശദമായ പദ്ധതി റിപ്പോർട്ടും (DPR), ചീഫ് സെക്രട്ടറി ചെയർമാൻ ആയ DRC യുടെ ശുപാർശയോട് കൂടി സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. |
| (ബി) | ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും പദ്ധതി ചെലവിലെ കേന്ദ്ര-സംസ്ഥാന വിഹിതവും വിശദമാക്കുമോ; കേന്ദ്രം പ്രഖ്യാപിച്ച വിഹിതം ലഭിയ്ക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | വിശദമാക്കിയ മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ അഞ്ച് വർഷം ഈ പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് എത്രത്തോളം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പ്രകൃതിക്ഷോഭം തുടങ്ങിയ വിവിധ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും സമയബന്ധിതമായി വിവിധ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| നമ്പര് | പദ്ധതി | അനുവദിച്ച തീയതി | യഥാർത്ഥ പൂർത്തീകരണം | അനുവദിച്ച തുക രൂപ കോടി | യഥാർത്ഥ പൂർത്തീകരണ ചെലവ് രൂപ കോടി | ഗ്രാന്റ്ലഭിച്ചത് രൂപ കോടി | ഫണ്ടിംഗ് പാറ്റേൺ | വിശദാംശം |
|---|---|---|---|---|---|---|---|---|
| 1 | രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന | 04.04.2005 | 31.03.2015 | 224.36 | 224.36 | 175.93 | –100% ഗ്രാന്റ് – (GoI) – BPL ഭവന വൈദ്യുതീകരണത്തിന്.<br>–90% മൂലധന സബ്സിഡി– അടിസ്ഥാന സൌകര്യ വികസനത്തിന് .<br>–10% ലോൺ (REC) | നോഡൽ ഏജൻസി (REC) ഗ്രാന്റ് ലഭിച്ചത് 175.93കോടി രൂപ.<br>ലോൺ ലഭിച്ചത്(REC) – 19.64കോടി രൂപ.<br>സംസ്ഥാന പങ്ക് 2.436 കോടി .<br>എല്ലാ ഗ്രാമീണ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനായി 2005 ഏപ്രിൽ 4 ന് ഇന്ത്യൻ സർക്കാർ (RGGVY) ആരംഭിച്ചു.മാർച്ച് 2015 ൽ 14 ജില്ലകളിൽ പദ്ധതി പൂർത്തിയാക്കി.ഈ പദ്ധതി വഴി മൊത്തം service connections 125405 നൽകി, അതിൽ 113420 ബിപിഎൽ connections ആകുന്നു. . |
| 2 | റിസ്റ്റ്ക്ച്ചർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് &റിഫോംസ് പ്രോഗ്രാം –<br>1) പാർട്ട് A(IT)<br>2) പാർട്ട് A (SCADA) | 26.11.2009<br>22.02.2011<br>21.12.2010 – | 31.03.2018<br>30.09.2019 | 214.39<br>83.15 | 178.22<br>54.32 | | 100% GoI ലോൺ.<br>25% GoI ലോൺ. | പാർട്ട് A (IT) വിവരസാങ്കേതിക പദ്ധതിയിൽ –ലോൺ തുക 178.22 കോടി രൂപ ലഭ്യമായിട്ടുണ്ട്.<br>പാർട്ട് A (SCADA) പദ്ധതിയിൽ–ലോൺ തുക 53.15കോടി രൂപ ലഭ്യമായിട്ടുണ്ട്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 3) പാർട്ട് B | (40 ടൗൺ) 03.08.2012 – (3 സിറ്റി ) | 31.03.2018 | 1078.3 | 1115.18 | | 75% യൂട്ടിലിറ്റി വഴി ലോൺ/ സ്വന്തം ഫണ്ട്. 50% പരിവർത്തനം ചെയ്യാവുന്ന ലോൺ. | പാർട്ട്B യിൽ – നഗര /ഉപപ്രസരണ– വിതരണ ശാക്തീകരണ പ്രവൃത്തികൾ,– 3 സിറ്റി സ്കീംഉൾപ്പെടെ **43 പ്രോജെച്ട്ടുകൾ** 1115.18 കോടി രൂപയ്ക്ക പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതി പൂർത്തീകരണ റിപ്പോർട്ട് 1033.17 കോടി രൂപയ്ക്ക അംഗീകരിച്ചു. ഇവയുടെ ലോൺ തുക PFC–258.29 കോടി രൂപ, കൌണ്ടർ പാർട്ട് ലോൺ REC–649.52 കോടി രൂപ ലഭ്യമായിട്ടുണ്ട്. ബാക്കി തുക– own ഫണ്ട്. വൈദ്യുതി നഷ്ടം കുറയ്ക്കുവാൻ സാധിച്ചു.<br><br>മാർഗ്ഗനിർദ്ദേശപ്രകാരം, പദ്ധതിയുടെ ലോൺ തുക പദ്ധതി ഗ്രാന്റായി മാറ്റുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.<br><br>നഗര/ പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായുള്ള ഈ പദ്ധതി നടപ്പിലാക്കുക വഴി ഉപപ്രസരണ/വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും, കൺസ്യൂമർ –ഫീഡർ– ട്രാൻസ്ഫോർമർ മീറ്ററിംഗ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | എന്നിവ നടപ്പിലാക്കുകവഴി നഗര/ പ്രാന്ത പ്രദേശങ്ങളിലെവൈദ്യുതി നഷ്ടം കുറയ്ക്കുവാൻ സാധിച്ചു. |
| 3 | ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ. വൈ) | 05.01.2016 | 30.09.2019 | 485.37 | 504.84 | 238.64 | 60% – GoIഗ്രാന്റും 10% – സർക്കാർ/ സ്ഥാപന വിഹിതവും ബാക്കി 30% ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള ലോണ്ആകുന്നു. | **പദ്ധതിയുടെ ലക്ഷ്യം**– ഗ്രാമീണ ഭവന വൈദ്യുതീകരണം, ഉപ-പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണം, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കൽ.<br><br>പൂർത്തീകരണ റിപ്പോർട്ട് 13.09.2020ൽ സർക്കാർ ശുപാർശയോട് നോഡൽ ഏജൻസി മുഖാന്തിരം (REC) GoI–യ്ക്ക് അംഗീകാരം ലഭിക്കുന്നതിലേക്ക് സമർപ്പിച്ചു. ആയത്, Addl 15% ഉൾപ്പെടെയുള്ള യോഗ്യതയുള്ള ഗ്രാന്റ് 364.63 കോടി രൂപ.(75%). ഇതിൽ 238.64 കോടി രൂപ ഗ്രാന്റ് ലഭിച്ചു. ബാലൻസ് തുക– 126 കോടി രൂപ.).<br><br>ബാക്കി തുക പദ്ധതി പൂർത്തികരണ റിപ്പോർട്ട് കേന്ദ്ര ഊർജ മന്ത്രാലയത്തിൻറെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ഈ പദ്ധതി നടപ്പിലാക്കുക വഴി ഗ്രാമീണ ഭവന വൈദ്യുതീകരണവും കൂടാതെ ഉപ-പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണവും സാധിച്ചു. കൺസ്യൂമർ - ഫീഡർ- ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നിവ നടപ്പിലാക്കുകവഴി ഗ്രാമ/ പ്രാന്തപ്രദേശങ്ങളിലെ |
| 4 | സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്) **1) ഫേസ് -1** ഉപപ്രസരണ/ വിതരണ വിതരണ ശൃംഖലയുടെ ശാക്തീകരണം.<br><br>**2)IT പ്രോജെക്ടസ്** a) ഫേസ് -2IT | 15.06.2016 | 31.12.2019 | 595.03 | 579.54 | 337.88 | 1) ഫേസ് -1 60% - GoIഗ്രാന്റും 30% - കൌണ്ടർ പാർട്ട് ലോൺ സർക്കാർ/ സ്ഥാപന വിഹിതവും 10% - സർക്കാർ/ സ്ഥാപന വിഹിതവും.<br><br>**2)IT പ്രോജെക്ടസ്** | **1) ഫേസ് -1 പദ്ധതിയുടെ ലക്ഷ്യം-** നഗര/ പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായുള്ള ഈ പദ്ധതിയിൽ ഉപപ്രസരണ/വിതരണ സംവിധാനം ശക്തിപ്പെടുത്തുക, വൈദ്യുതി നഷ്ടം കുറയ്ക്കൽ. പൂർത്തീകരണ റിപ്പോർട്ട് 31.12.2020ൽ നോഡൽ ഏജൻസി മുഖാന്തിരം (PFC) GoI-യ്ക്ക് അംഗീകാരം ലഭിക്കുന്നതിലേക്ക് സമർപ്പിച്ചു.<br><br>യോഗ്യതയുള്ളഗ്രാന്റ്347.71 കോടി രൂപ. ഇതിൽ 337.88കോടി രൂപ ഗ്രാന്റ് ലഭിച്ചു. ബാക്കി തുക പദ്ധതി പൂർത്തികരണ റിപ്പോർട്ട് കേന്ദ്ര ഊർജ്ജ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | b) ERP – എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്<br><br>c) RTDAS– റിയൽടൈം ഡാറ്റാ അക്വസിഷൻ സിസ്റ്റം | 20.02.2017<br><br>07.02.2018<br><br>12.12.2018 | -<br><br>-<br><br>- | 22.86<br><br>42.64<br><br>5.25 | -<br><br>-<br><br>- | 2.43<br><br>7.74<br><br>0.95 | 60% – GoIഗ്രാന്റും<br>30% – കൌണ്ടർ പാർട്ട് ലോൺ സർക്കാർ/ സ്ഥാപന വിഹിതവും<br>10% – സർക്കാർ/ സ്ഥാപന വിഹിതവും. | മന്ത്രാലയത്തിൻറെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്.<br><br>നഗര/ പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായുള്ള ഈ പദ്ധതി നടപ്പിലാക്കുക വഴി ഉപപ്രസരണ/വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും, കൺസ്യൂമർ –ഫീഡർ– ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നിവ നടപ്പിലാക്കുകവഴി നഗര/ പ്രാന്ത പ്രദേശങ്ങളിലെവൈദ്യുതി നഷ്ടം കുറയ്ക്കുവാൻ സാധിച്ചു. .<br><br>**2)IT പ്രോജെക്ടസ്–**<br><br>പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചുവരുന്നു.<br><br>പദ്ധതിയിൽ ഇതുവരെ 11.12കോടി രൂപ ഗ്രാന്റ് ലഭിച്ചു. |
| 5 | സൗഭാഗ്യ | 04.02.2019 | 30.09.2018 | 90.00 | 95.75 | 66.337 | 60% – GoIഗ്രാന്റും<br><br>Addl 15% ഉൾപ്പെടെ (75%)യോഗ്യതയുള്ളഗ്രാന്റ് 66.34കോടി രൂപ..<br><br>മുഴുവൻ ഗ്രാന്റ് തുകയും ലഭിച്ചു. | **ഈ പദ്ധതികേരളത്തിന് 2018–ലെ പ്രളയത്തിൽ വിശചേദിക്കപ്പെട്ട 300000 വീടുകളുടെ പുനവൈദ്യുതീകരണത്തിനു വേണ്ടി special case ആയിട്ടാണ് അനുമതി ലഭിച്ചത്.**<br><br>ഈ പദ്ധതി മുഖാന്തിരം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 319171 എണ്ണം വീടുകൾ പുനവൈദ്യുതീകരിച്ചു. 95.75കോടി രൂപയുടെ പൂർത്തീകരണ റിപ്പോർട്ട് 27.02.2020 ൽ GoI-യ്ക്ക് സമർപ്പിക്കുകയും, റിപ്പോർട്ട് അംഗീകരിച്ചതായി 28.09.2020 ൽ REC അറിയിച്ചു. **പദ്ധതിയുടെ യോഗ്യതാഗ്രാന്റ് തുക മുഴുവൻ (66.34 കോടി) 13.08.2021-ടെ ലഭിച്ചു.** |